# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്: www.dhs.kerala.gov.in


---

നം. ആ.വ.ഡ./5965/2024-ഇസി3 തീയതി: 09-01-2025

**അനുബന്ധം എച്ച്.4**

**നോട്ടീസ്**

ഡോ. ജോസ് ആൻറ്റണി, PEN: 693346, സാമൂഹികാരോഗ്യ കേന്ദ്രം, തലയോലപ്പറമ്പ്, കോട്ടയം - എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണപത്രിക സഹിതമുള്ള കുറ്റാരോപണ മെമ്മോ 05.11.2024 തീയതിയിലെ DHS/5965/2024-EC3 നമ്പറായി താങ്കളുടെ ഏറ്റവും ഒടുവിൽ അറിയാവുന്ന മേൽ വിലാസത്തിൽ അയച്ചിരുന്നു. എന്നാൽ പ്രസ്തുത കുറ്റാരോപണ മെമ്മോ താങ്കൾ കൈപ്പറ്റിയിട്ടില്ല. ആ ചാർജ്ജ് മെമ്മോ വിതരണം ചെയ്യപ്പെടാതെ "Unclaimed" എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ വകുപ്പ് തിരികെനൽകി. അതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്തപക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിന് അനുസൃതമായി തുടർന്നുള്ള നടപടികൾ എടുക്കുന്നതുമാണ്. കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണ പത്രികയുടെ പൂർണ്ണരൂപം നിശ്ചിത കാലാവധിക്കുമുൻപ് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം-ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് കൈപ്പറ്റാവുന്നതാണ്.

Signed by
Reena K J
Date: 09-01-2025 13:06:17

**ഡോ.റീന.കെ.ജെ.**

**ആരോഗ്യ വകുപ്പ് ഡയറക്ടർ.**

സ്വീകർത്താവ്

ഡോ. ജോസ് ആൻറ്റണി,

സാമൂഹികാരോഗ്യകേന്ദ്രം,

തലയോലപ്പറമ്പ്, കോട്ടയം.

(Kokatumundakat House, Cheppumpara

Kanjirappally, Kottayam-686507)